# അക്ഷരത്തുടുപ്പ്

മലയാളിക്ക് മധുരം നേദിച്ച മഹാകവിക്കുള്ള അഞ്ജലിയാണ് ശ്രീ പാട്യം വിശ്വനാഥിന്റെ 'വള്ളത്തോൾ' എന്ന കവിത. കവിയുടെ ഭാവപ്രപഞ്ചത്തിലേയ്ക്കും കലാപ്രവർത്തനങ്ങളിലേയ്ക്കും മറ്റൊരു കവി കൊളുത്തുന്ന കൈത്തിരി കൂടി ആണിത്.

മൂന്നടരുകളുണ്ട് ഈ രചനയ്ക്ക്. വള്ളത്തോളിന്റെ കാവ്യലോകത്തെ പരിചയപ്പെടുന്നതാണ് ആദ്യത്തെ തലം. വള്ളത്തോൾകാവ്യങ്ങളിലെ ബിംബങ്ങളും സൂചനകളും കൊണ്ട് സമൃദ്ധമാണ് ഈ ഭാഗം. പുരാണകഥകളെ നവീനഭാവുകത്വത്തോടെ അവതരിപ്പിച്ച അനേകം മധുരകവിതകളുണ്ട് സാഹിത്യമഞ്ജരിയിൽ. വാല്മീകി രാമായണത്തിന്റെയും ഋഗ്വേദത്തിന്റെയും പരിഭാഷകളുണ്ട്. സംസ്കൃതത്തിൽ നിന്നും ഒട്ടനവധി വിവർത്തനങ്ങളുമുണ്ട്. മഗ്ദലനമറിയത്തിന്റെ മോക്ഷമാർഗമുണ്ട്. 'ഗണപതിയും', 'ശിഷ്യനും മകനും', 'ബന്ധനസ്ഥനായ അനിരുദ്ധനു'മൊക്കെ വരികൾക്കിടയിൽ  മിന്നിമറയുന്നു. ഹരന്റെ മിഴികൾക്കുത്സവമേകുന്ന ഹിമവത്പുത്രി ആ അക്ഷരത്തുടിപ്പിൽ വിളങ്ങുന്നു. കൃഷ്ണനെയും ക്രിസ്തുവിനെയും നബിയെയും ഒന്നിച്ച് മഹാത്മാവിൽ ദർശിച്ച് അദ്ദേഹത്തെ ഗുരുവായി വരിക്കുന്ന മഹാകവിയുടെ നമ്രഭാവവുമുണ്ട്.

കഥകളി പോലുള്ള കേരളീയകലകൾക്ക് കൂത്തമ്പലമായി കലാമണ്ഡലം സ്ഥാപിച്ചതും കേരളത്തിന്റെ കലാമഹിമ ദേശാന്തരങ്ങളിലെത്തിച്ചതുമായ സംഭാവനകളെയാണ് രണ്ടാമത്തെ തലത്തിൽ സ്പർശിക്കുന്നത്. രണ്ടു കാര്യങ്ങളാണ് സവിശേഷമായി സ്മരിക്കുന്നത്- ഒന്ന്, ആട്ടവും കളിയുമെല്ലാം നഷ്ടപ്പെടാതെ സംരക്ഷിച്ചു. രണ്ട്, കേരളീയ കലകളുടെ തുടിയും താളവും ദിഗന്തത്തോളം ഉയർത്തി.

കലയും ഭാഷയും കവിതയും കതിർകനക്കുമാറ് വിളയിക്കുന്ന വള്ളത്തോൾപ്രതിഭയുടെ മുൻപിൽ ഒരാരാധകന്റെ പ്രേമപ്രകർഷമായ പ്രണാമമാണ് ഈ കവിതയുടെ മൂന്നാമത്തെ തലം. ഭാരതീയ സ്ത്രീകളുടെ ഭാവശുദ്ധിയെപ്പറ്റിയുള്ള അഭിമാനവും സാഹിത്യമഞ്ജരിയിലെ മരന്ദമാധുര്യവും പച്ചയാം വിരിപ്പിട്ട രമ്യഭൂവിന്റെ സൗഭാഗ്യസ്മരണകളും ഈ അനുഭവങ്ങളിൽ തുടുത്ത് നില്ക്കുന്നു.

പക്വമായ കവിമനസ്സാണ് വിശ്വനാഥന്റേത്. അതുകൊണ്ട് കേവലം നതിനുതികളാകാതെ ബിംബസമൃദ്ധമായൊരു ഭാവതലം സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിയുന്നു.

ഉദാഹരണത്തിന്, കവിയുടെ ബധിരതയെയും അദ്ദേഹം സൃഷ്ടിച്ചലോകത്തിന്റെ ചടുലതയെയും ചേർത്തുവെയ്ക്കുമ്പോഴുണ്ടാകുന്ന വൈരുധ്യം ഹൃദ്യമായൊരു അനുഭവം നല്കുന്നു. പെരുന്തച്ചൻ എന്ന പ്രതീകം ചേതോഹരമായ സർഗകർമ്മത്തെ ഓർമ്മിപ്പിക്കുന്നു. കൂത്തമ്പലമെന്നത് സമസ്തനടനത്തിന്റെയും പ്രതിരൂപമാണ്; അതിന്റെ സ്രഷ്ടാവ് പെരുന്തച്ചൻ. കലയ്ക്ക് ശ്രീകോവിൽ പണിയുകയും അതിൽ അർച്ചകരെ നിയോഗിക്കുകയുമാണല്ലോ വള്ളത്തോൾ ചെയ്തത്. അവസാനഭാഗത്തെ പ്രജാപതിയെന്ന വിശേഷണം ഈ ഭാവത്തിന് ദാർശനികമായൊരുത്കർഷം നല്കുന്നു. 'കാവ്യസംസാരത്തിലെ പ്രജാപതി'യെന്ന് കവിയെ പണ്ടുള്ളവർ വിശേഷിപ്പിച്ചിട്ടുണ്ട്. സ്വച്ഛമായ സൃഷ്ടികർമ്മത്തിന് കവിക്ക് സ്വാതന്ത്ര്യം നല്കുന്ന പ്രഖ്യാപനമാണത്. പെരുന്തച്ചനെ പ്രജാപതിയാക്കുമ്പോൾ വാനോളമുയർന്നൊരു സർഗചേതനയുടെ വൈജയന്തിയായത് മാറുന്നു.

ചെറിയ സൂചനകളിലൂടെ സാന്ദ്രമായ ധ്വനിബിംബങ്ങൾ മെനഞ്ഞ് ദീപ്തമായൊരു കാവ്യപ്രപഞ്ചം സൃഷ്ടിക്കാനുള്ള വിശ്വനാഥന്റെ കവനവൈഭവത്തിന് ഉദാഹരണമാണ് 'വള്ളത്തോൾ' എന്ന ഈ കൊച്ചു കവിത.

കേരള കലാമണ്ഡലം
04/12/2009

**ഡോ.കെ.ജി. പൗലോസ്**
വൈസ് ചാൻസലർ

---

*വാചസ്പതി*
**ഡോ. കെ.ജി. പൗലോസ്**
*വൈസ് ചാൻസലർ*
**കേരള കലാമണ്ഡലം**
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531
ഫോൺ: 04884-263440 (ഓഫീസ്), 04884-264477 (വീട്), മൊ: 9846041205
E-mail: kgpaulose@gmail.com, Website: www.kalamandalam.org.

---